CENTRE FOR CONTINUING EDUCATION KERALA

# CENTRE FOR CONTINUING EDUCATION KERALA

Anathara Lane, Charachira, Kowdiar P.O., Thiruvananthapuram, Kerala, PIN - 695 003

പ്രസ് റിലീസ്

CE/B/3390/2015

9/10/2015

## കേരളാ സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയിൽ

### സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷാ പരിശീലനം

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരളയുടെ കീഴിൽ തിരുവനന്തപുരം, പ്ലാമൂട്, ചാരാച്ചിറയിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയിലും ഐ.സി.എസ്.ആർ പൊന്നാനിയിലും 2016 –ലെ യു.പി.എസ്സ്.സി നടത്തുന്ന സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ സജ്ജരാക്കാൻ വേണ്ടിയുള്ള പരിശീലന ക്ലാസ്സുകൾ ഡിസംബർ 2 ന് ആരംഭിക്കുന്നു. ഡിസംബർ 2015 മുതൽ മെയ് 2016 വരെ നീണ്ടു നിൽക്കുന്ന ആറു മാസം ദൈർഘ്യമുള്ള റഗുലർ ബാച്ചാണ് ആരംഭിക്കുന്നത്. ഇതിനായുള്ള അപേക്ഷാ ഫാറം 2015 ഒക്ടോബർ 12 മുതൽ നൽകിത്തുടങ്ങും . അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 13 ആണ്. പ്രവേശനത്തിനുള്ള എഴുത്തു പരീക്ഷ നവംബർ 15 ന് രാവിലെ അതത് സെന്ററുകളിൽ 11 മണിയ്ക്ക് നടത്തും. അന്നുതന്നെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കും. നവംബർ 16 മുതൽ 30 വരെ പ്രവേശനം നൽകും അപേക്ഷ ഫാറം 100/- രൂപ ഫീസൊടുക്കി നേരിട്ടും, വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത അപേക്ഷ ഉപയോഗിക്കുന്നവർ ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരളയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത 100 രൂപയുടെ ഡി.ഡി യും രണ്ട് പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോയും സഹിതം, അപേക്ഷ തപാൽ മാർഗം അയക്കേണ്ടതാണ്. കോഴ്സിലേയ്ക്ക് 2015 നവംബർ 15 ന് സെന്ററിൽ വച്ചു നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും പ്രവേശനം. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട വിലാസം.

ഡയറക്ടർ
സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള
ആനത്തറ ലെയിൻ, ചാരാച്ചിറ,
കവടിയാർ.പി.ഒ
തിരുവനന്തപുരം

**ഫോൺ : 0471-2313065, 2311654**

Website : www.ccek.org, www.kscsa.org

CENTRE FOR CONTINUING EDUCATION KERALA KOWDIAR P.O. THIRUVANANTHAPURAM PIN - 695003 CHARACHIRA

ഡയറക്ടർ